# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3993** **26/06/2013 ൽ മറുപടിക്ക്**

## കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പെയിൻ 'N' പാലിയേറ്റീവ് കെയർ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പെയിൻ 'N' പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് എന്നും ഓരോ കേന്ദ്രത്തിലും ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം എന്നും വിശദമാക്കുമോ ; | (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ പെയിൻ 'N' പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ കീഴിൽ 12 യൂണിറ്റുകളാണുള്ളത്. ഇതിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ചെങ്ങോട്ട്കാവ്, ചേമഞ്ചേരി, തിരുവങ്ങൂർ, ഇരിങ്ങൽ, മൂടാടി എന്നീ അഞ്ച് പഞ്ചായത്തുകളിലും, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലും പാലിയേറ്റീവ് കെയർ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്ഥലങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലാണ് പെയിൻ 'N' പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. ഈ കേന്ദ്രങ്ങളിലെല്ലാം പാലിയേറ്റീവ് കെയർ ഒ.പി. ഹോം കെയർ സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ അതാത് പഞ്ചായത്തുകൾ വഴി അർഹതപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്നുകളും പരിചരണ സാമഗ്രികളും വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത രംഗത്ത് എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്നത് വ്യക്തമാക്കുമോ ; | (ബി) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയുടെ സെക്കണ്ടറി തലത്തിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സേവനം മുനിസിപ്പാലിറ്റിയിലെ രോഗികൾക്കും മറ്റ് പ്രാഥമിക കേന്ദ്രത്തിന്റെ കീഴിലുള്ള പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ സേവനം അതാത് പഞ്ചായത്തുകളിലെ രോഗികൾക്കും നൽകുന്നുണ്ട്. കിടപ്പിലായ രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | ആവശ്യമായ വാട്ടർ ബെഡ്, കത്തീറ്റർ, യൂറോബാഗ് എന്നിവയും വീൽ ചെയർ, ക്രച്ചസ് എന്നിവയും സൗജന്യമായി നൽകി വരുന്നുണ്ട്. |
| (സി) | 2013-14 ബഡ്ജറ്റിൽ ഈ മേഖലയിൽ നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം? | (സി) | പെയിൻ 'N' പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ പ്ലാൻ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപയും 13-ാം ധനകാര്യ കമ്മീഷൻ വിഹിതമായി 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ